പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6423 08.07.2014-ൽ മറുപടിക്ക്

വികലാംഗർക്ക് ബസുകളിൽ സ്ഥിരം പാസ്

ചോദ്യം

ശ്രീ. ആർ. സെൽവരാജ് :
" ഹൈബി ഈഡൻ :
" ജോസഫ് വാഴക്കൻ :
" സണ്ണി ജോസഫ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് വികലാംഗർക്ക് കെ.എസ്.ആർ. ടി.സി ബസ്സുകളിൽ സൗജന്യം അനുവദിക്കുന്നതിനും സ്ഥിരം പാസ്സ് നൽകുന്നതിനും തീരുമാന മെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്ഥിരം പാസ്സ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെ യാണ്; വിശദാംശങ്ങൾ എന്തെ ല്ലാം; | (ബി) | വികലാംഗർ:-<br>40%-ൽ കുടുതൽ സ്ഥിരമായ അസ്ഥിവൈകല്യമുള്ള വികലാംഗർക്കാണ് യാത്രാസൗജന്യപാസ് നൽകുന്നത്. വില്ലേജ് ഓഫീസർ നൽകുന്ന 15000/- രൂപയിൽ കവിയാത്ത വാർഷിക വരുമാന സർട്ടിഫി ക്കറ്റും ഹാജരാക്കണം. ഇവർക്ക് 70% യാത്രാക്കൂലിയിൽ ഇളവ് ലഭിക്കുന്നു.<br>അന്ധർ:-<br>രണ്ട് കണ്ണിനും 100% അന്ധതയുള്ള വർക്ക് യാത്രാസൗജന്യപാസ് നൽകുന്ന താണ്. വരുമാനപരിധി ഇല്ല. യാത്രക്ക് പൂർണ്ണമായും ഇളവ് അനുവദിച്ചിരിക്കുന്നു.<br>ബധിര-മൂകർ:-<br>50% വൈകല്യമുള്ള ബധിര-മൂകരാ യവർക്ക് പകുതി യാത്രാക്കൂലി നൽകി 40 കി.മീറ്റർ യാത്ര ചെയ്യുന്നതിന് യാത്രാ |

| | | | |
|---|---|---|---|
| | | | സൗജന്യ പാസ് നൽകുന്നു. വരുമാന പരിധി ഇല്ല.<br><br>ബുദ്ധിമാന്ദ്യമുള്ളവർ:-<br><br>50% ബുദ്ധിമാന്ദ്യമുള്ളവർക്ക് 40 കി. മീറ്റർ യാത്ര ചെയ്യുന്നതിന് നൽകുന്ന യാത്രാക്കൂലിയിൽ പകുതി ഇളവ് പാസ് Holder-ക്കും പകുതി കൂടെ പോകുന്ന ആളിനും നൽകുന്നതാണ്. വരുമാനപരിധി ഇല്ല.<br><br>പൊതുവായ വിശദാംശങ്ങൾ<br><br>മുകളിൽ പറഞ്ഞിരിക്കുന്ന നാല് വിഭാഗക്കാരും വൈകല്യത്തിന്റെ തോത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് / സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭിക്കുന്ന തിരിച്ചറിയൽ കാർഡിന്റെ പകർപ്പും, രണ്ടു ഫോട്ടോയും സഹിതം താമസ സ്ഥലത്തിനടുത്തുള്ള കെ.എസ്.ആർ.ടി.സി യൂണിറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജോലിയുള്ളവർ കൺവയൻസ് അലവൻസ് വാങ്ങുന്നില്ല എന്നും വിദ്യാർഥികൾ കൺസഷൻ ടിക്കറ്റ് വാങ്ങുന്നില്ല എന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് അർഹതയുള്ള പക്ഷം യാത്രാസൗജന്യ പാസ് അനുവദിക്കുന്നു. |
| (സി) | ഇത് സംബന്ധിച്ച് ഗതാഗത വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) യും (ഡി) യും | സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ സൗജന്യം ലഭിക്കുന്നതിന് സ്ഥിരം പാസ് അനുവദിച്ചുകൊണ്ട് 27.04.2012-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ. 24/2012/ഗതാഗതം പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയും അത് കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുമുണ്ട്. |
| (ഡി) | ഉത്തരവ് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ